പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 147

21-01-2014 ൽ മറു പടിയ്ക്ക്

ടെലിവിഷൻ ചാനലുകളുടെആധിക്യവും നിലവാര തകർച്ചയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. വി.എം. ഉമ്മർമാസ്റ്റർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) ടെലിവിഷൻ ചാനലുകളുടെ ആധിക്യവും അതുമൂലമുള്ള കിടമത്സരവും പ്രക്ഷേപണം ചെയ്യുന്ന പരിപാടികളുടെ നിലവാരത്തെയും സാമൂഹ്യ പ്രതിബദ്ധതയെയും ദോഷകരമായി ബാധിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്ത് ടെലിവിഷൻ ചാനലുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് തന്ത്രത്തിന്റെയും TAM റേറ്റിങ്ങിന്റേയും ഭാഗമായി കിടമത്സരവും നിലവാരത്തകർച്ചയും ഈ രംഗത്ത് സംഭവിച്ചിട്ടുള്ളതായി അഭിപ്രായമുയർന്നിട്ടുണ്ട്. |
| ബി) ക്രിമിനൽ സംഭവങ്ങളെക്കുറിച്ചും രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും ചാനലുകളിലൂടെ നടക്കുന്ന നിലവാരമില്ലാത്ത മാധ്യമ വിചാരണ നിഷ്പക്ഷമായ നീതി നിർവ്വഹണത്തിനും രാഷ്ട്രീയ മാന്യത യ്ക്കും ആഘാതം ഏൽപ്പിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | ബി) സമൂഹത്തിൽ ഇത്തരത്തിൽ ഒരു അഭിപ്രായം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനുമായി കേന്ദ്ര ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ കീഴിൽ സംവിധാനമുണ്ട്. ഇത് കൂടാതെ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയ നിർദ്ദേശപ്രകാരം സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മോണിറ്ററിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ചു കഴിഞ്ഞു. |
| സി) പ്രസ്തുത പ്രശ്നങ്ങൾ പരിശോധിക്കാനും നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റിനു ശുപാർശ നൽകാനുമുള്ള മോണിറ്ററിംഗ് | സി) കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനതലത്തിൽ ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ് കൺവീനറായി |

കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് പുന:സംഘടിപ്പിച്ച് കർത്തവ്യ നിർവ്വഹണ ത്തിന് സജ്ജമാക്കുമോ?

മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കളക്ടർ കൺവീനറായി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമി ക്കുകയാണ്. ടെലിവിഷൻ പരിപാടികളുടെ ഉള്ളടക്കത്തെപ്പറ്റിയുള്ള പരാതികൾ ബന്ധപ്പെട്ട കമ്മിറ്റിയുടെ പരിഗണനക്ക് വിധേയമാക്കാവുന്നതു മാണ്.

സെക്ഷൻ ഓഫീസർ